# മാനേശ്വരി

ഉള്ളൂര്.

Digitized By Kerala Sahitya Akademi

# മാനസേശ്വരി.

BY

Changampuzha Krishna Pillai

പ്രസാധകൻ
രാജ്യസേവാനിരതഃ
കെ. ജി. പരമേശ്വരൻപിള്ള

1121

പകർപ്പവകാശം പ്രസാധകനു്.

Digitized By Kerala Sahitya Akademi

# MANASĀ DEVI

## [FROM MYTHS OF THE HINDUS AND BUDDHISTS]

## BY SISTER NIVEDITA AND ANANDA COOMARASWAMY

This legend of Manasā Devi, the Goddess of snakes, who must be as old as the Mykenean stratum in Asiatic culture reflects the conflict between the religion of Shiva and that of feminine local deities in Bengal. Afterwards Manasā or Padmā was recognized as a form of Shakti (does it not say in the Mahābhārata that all that is feminine is a part of Umā?), and her worship accepted by the Shaivas. She is a phace of the mother-divinity who for so many worshippers is nearer and dearer than the far-off and impersonal Shiva, though even he in these popular legends, is treated as one of the Olympians with quite a human character.

"In the month of Shrāvana [July-August]," writes Bābu Dinesh Chandra Sen, "the villages of Lower Bengal present a unique scene. This

Digitized By Kerala Sahitya Akademi

is the time when Manasā Devi is worshipped. Hundreds of men in Sylhet, Backergunge, and other districts throng to the river-side to recite the songs of Behulā. The vigorous boat-races attending the festivity and enthusiasm that characterizes the recitation of these songs cannot but strike an observer with an idea of their vast influence over the masses. There are sometimes a hundred oars in each of the long narrow boats, the rowers singing in loud chorus as they pull them with all their might. The boats move with the speed of an arrow, even flying past the river steamers. These festivities of Manasā Pujā sometimes occupy a whole month.......how wide-spread is the popularity of these songs in Bengal may be imagined from the fact that the birth place of Chānd Sadāgar is claimed by no less than nine districts"—and by the fact that the Manasā Mangal, or story of Manasā, has been told in as many as sixty versions by poets whose names are known, dating from the twelfth century onward to the present day.

"It must be remembered," adds Dinesh Bābu, "that in a country where women commonly courted death on their husband's funeral pyre this story of Behula may be regarded as the poet's natural tribute at the feet of their ideal."

Digitized By Kerala Sahitya Akademi

*Note:—*

With extreme pleasure, I take this opportunity to express my feelings of gratitude to Sri Ananda Coomaraswamy and Sister Nivedita for supplying me the theme for this present version of the charming Manasā Mangal. Adapting the main string from their matchless production, viz. "Myths of the Hindus and Buddhists", I have tried my best to wreathe on it the choicest flowers of my own imagination. This fresh garland, though made by an unskilful hand, I hope, will not displease Muse, as it is dedicated at her feet as a humble offering of one of her most ardent devotees.

Edappally }
1—10—1115 }

C. K. P.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മാനസേശ്വരി

---

## ഒന്നാം ഭാഗം

൧

പണ്ടുത്തരാശയിൽ ചെമ്പകാഭിഖ്യയാ-
യുണ്ടായിരുന്നു നഗരിയൊന്നുജ്ജ്വലം.

മന്ദിയാതങ്ങുല്ലസിച്ചു വിഖ്യാതനാം
'ചന്ദ്രസദാഗര'നെന്നൊരു വർത്തകൻ

ശങ്കരഭക്തനവൻ സമസ്തൈശ്വര്യ-
സങ്കുലസൗഭാഗ്യ 'ഹർഷസംയുക്തനായ്

ധർമ്മനിരതനായ് ശർമ്മദനായ് പുണ്യ-
കർമ്മനിരതനായ് പ്രോല്ലസിച്ചീടിനാൻ.

൨

നാഗലോകത്തിൻ മഹാറാണിയായ് സർവ്വ-
ഭാഗധേയത്തിൻ സമുജ്ജ്വലസത്മമായ്

മാനസാദേവിയെന്നനാളൊരീശ്വരി
വാണിരുന്നാളാവിശിഷ്ട നഗരിയിൽ

Digitized By Kerala Sahitya Akademi

സുന്ദരിയാമൊരു മാനവനാരിയിൽ
ചന്ദ്രചൂഡന്നെഴും നന്ദിനിയാണവൾ

കല്യാണരൂപിണിയാകുമക്കന്യയെ-
ത്തെല്ലുമിഷ്ടപ്പെട്ടിരുന്നില്ല പാർവ്വതി

നേതാഭിധാനയായ് മറെറാരുപുത്രിയും
ഭൂതേശനുണ്ടായിരുന്നു പോൽ ഭൂമിയിൽ

തന്നോടുമയ്ക്കുള്ളിലുൽക്കട നീരസ-
മന്നാളിലുണ്ടായിരുന്നതുകാരണം

ഭൂതലാവാസം വരിച്ചാളുദാരയാം
നേതയോടൊന്നിച്ചു മാനസാദേവിയും

എങ്കിലും താനൊരുദേവിയാണെന്നുള്ള
സങ്കൽപമുള്ളിലധിരൂഢമാകയാൽ

മാനവാരാധനാ പാത്രമായ്ത്തീരണം
താനുമെന്നോർത്തിതാ നാഗരാജേശ്വരി!!.

൩

വിത്താധിനാഥനാം ചന്ദ്രസദാഗരൻ
ഭക്തിപൂർവ്വം തന്നുപാസകനാവുകിൽ

നിർവ്വിശങ്കം ഭജിച്ചീടാനൊരുങ്ങിടും
സർവ്വപ്രജകളും തന്നെസ്സകൗതുകം

Digitized By Kerala Sahitya Akademi

ഏവം മനസ്സിലുറച്ചവൻ,ശങ്കര-
ദേവഭക്താഗ്രിമനാകമലാന്യനെ

•പ്രേരണാസ്ത്രങ്ങൾ മുറയ്ക്കേയ്ക്കനാരതം
പാരവശ്യം പാരമേകാൻ തുടങ്ങിനാർ

എങ്കിലും ചഞ്ചലപ്പെട്ടില്ല ലേശവും
ശങ്കരോപാസക നിർമ്മലാത്മാചലം

എന്തുവന്നാലും വെടിഞ്ഞിടുകില്ലതാ-
നന്തകാരാതിതൻ പൂജയെന്നോർത്തവൻ

ഏതുവിപത്തുമെതിരിടാനുദ്യുക്ത-
ചേതനനായിക്കലുങ്ങാതെ മേവിനാൻ

*　　*　　*

## ൪

മഞ്ജിമതൻ കളിവീടാമൊരുദ്യാന
മണ്ഡലം കാൺമൂ നയനവിമോഹനം

പൂത്തുംതളിർത്തുംലസിപ്പൂ പലേതരു-
ച്ചാർത്തുകൾ പാടിപ്പറക്കുന്നു പക്ഷികൾ.

സ്വാന്തം കുളുർക്കെ ക്കളികളും ചെയ്യുന്നു
മാന്തളിർതിന്നു മദിച്ച കുയിലുകൾ

Digitized By Kerala Sahitya Akademi

ആടുന്ന പൂത്തകടംബ മരക്കൊമ്പി-
ലാടലകന്നു മയൂരക നർത്തകർ.

മുല്ലകൾ, പിച്ചികൾ, പൊന്നിൻ ജമന്തിക-
ളുല്ലസൽ താലതമാല ചൂതാദികൾ

പൂവിട്ടു പൂവിട്ടു നിൽക്കുന്നു വാസന്ത-
ദേവിതൻ സൗഭാഗ്യവീചികൾ മാതിരി

തെന്നൽ തൊടുമ്പോൾ കുണുങ്ങുന്ന വല്ലികൾ
മന്ദഹസിപ്പൂ മട്ടുമലർച്ചാർത്തിനാൽ

നിർമ്മല നീലജലം തുളുമ്പീടുന്ന
നർമ്മവിഹാര സരോവര രാശിയിൽ

കാന്തികലരുന്ന രാജമരാളങ്ങൾ
നീന്തിക്കളിപ്പൂ മതിമറന്നങ്ങനെ.

ചന്ദ്രസദാഗര പ്രാണനാണിലോക-
നന്ദനോദ്യാനം ഹൃദയവിമോഹനം!

'പാടല'മെന്നതിൻ പേര,തിനെസ്സദാ
പാടിപ്പുകഴ്ത്തിനാർ കിന്നരകന്യമാർ.

൭

ചൊല്ലിനാൾ മാനസാദേവി:—"നാഗങ്ങളേ
ചെല്ലണം നിങ്ങളപ്പാടലവാടിയിൽ

Digitized By Kerala Sahitya Akademi

ജീവസമാനം സദാഗരൻ കാക്കുമ-
പ്പൂവനമിന്നു മരുഭൂമിയാവണം

നിങ്ങൾതൻ ഹാലഹാലാനല ജ്വാലകൾ
പൊങ്ങിപ്പരന്നതു ചാമ്പലായിടണം.

നാശപ്പെട്ടീടണം സർവ്വവും,മങ്ങിനി-
ശ്ശേഷിക്കരുതൊരു പുൽക്കൊടിക്കൂടിയും!

ഗർവ്വിഷ്ഠനാണസ്സദാഗരൻ—ഹാ നിങ്ങൾ
സർവ്വവും ചെന്നു നശിപ്പിച്ചുപോരുവിൻ”

ഉത്തരമാത്രയിൽ നാഗങ്ങൾ വന്ദിച്ചു
സഭ്രസമൊന്നിച്ചു യാത്രയായീടിനാർ

ആളിപ്പടർന്ന വിഷാഗ്നിയിൽ പഞ്ഞിപോൽ
ചീളെന്നു വെണ്ണീറടിഞ്ഞു, ഹാ, പാടലം!

കണ്ടു സദാഗരൻ സർവ്വവും,മെന്നിട്ടു-
മിണ്ടലുണ്ടായില്ലവനുള്ളിലേതുമേ!

മൃത്യുഞ്ജയ മന്ത്രമുണ്ടവ,നായതിൻ
ശക്തിയാൽ, നഷ്ടമായ് പോയവസ്സർവ്വവും

മാത്രയ്ക്കകം, ഹാ, പുനസ്സംജനിപ്പിച്ചിട്ടൊ-
രാർത്തിയും കൂടാതെ ലാലസിച്ചാനവൻ!

Digitized By Kerala Sahitya Akademi

പത്രംകരിഞ്ഞു നിലംപതിച്ചിടിന
പത്രികരം വീണ്ടും പറന്നു പാടിടിനാർ

ചാരമായ്തീർന്ന തരുക്കരം മുന്നെപ്പോലെ
ചാരുപുഷ്പങ്ങളും ചൂടിനിന്നിടിനാർ.

ആരാമദാഹമതേതോ കിനാവിന്റെ
നേരിയ വീചിപോൽ നിഷ്ക്രാന്തമാകവേ.

മാനസവേദിയിൽ ചന്ദ്രനമോദവും
മാനസാംദേവിയ്ക്കു ഖേദവും വാച്ചിതേ!

൩.

അന്നന്തിമാക്കൻ പ്രപഞ്ചം മുഴുവനും
പൊന്നശോകപ്പൂക്കരം വാരിവിതറവേ

സ്വൈരവിഹാര വിലോലനായെത്തിനാൻ
'കൈരവിനി'' നദീതീരേ സദാഗരൻ.

അത്ഭുതം, ഹ്ലാരനെന്തു കാൺമൂ തൻ മുന്നിലായ്
സ്വപ്നമോ, മായയോ, വിഭ്രാന്തിതന്നെയോ?

ലോകസൗന്ദര്യമുടലാന്ന മട്ടില്ല-
ങ്ങേകയായ് മുന്നിലൊരോമന പ്പെൺകൊടി!

ഓളമുലയുന്ന നേരിയ നീരാള-
നീലമേഘത്തിലൊരോമൽ തടില്ക്കൊടി—

Digitized By Kerala Sahitya Akademi

ചേലിലനുപദം മഞ്ജീരശിഞ്ജിത-
ലോലകല്ലോലങ്ങൾ ചുററുമിളകവെ

താരുകൾ തിങ്ങിനിറഞ്ഞ തരുക്കൾതൻ
താഴോട്ടുചാഞ്ഞു കിടക്കുന്ന ചില്ലകൾ

താമരക്കൈകളാലെത്തിപ്പിടിച്ചു പൊൽ
ത്താരുകൾ ശേഖരിച്ചീടുകയാണവൾ

പിന്നിൽ പദസ്വനം കേട്ടൊരുപേടമാ-
നെന്നപോൽ തന്വി തിരിഞ്ഞുനോക്കിടവേ;

ഉൽപലസായക കൽപാംഗനാമൊരാൾ
നിൽപു—നാണിച്ചു തലകുനിച്ചാളവൾ!

ആ വിസ്മയാർഹമാ മാകാരദർശനം
ജീവനുനൽകിയ രോമഹർഷോത്സവം

സ്പന്ദിച്ചു നിൽക്കിലും, ധൈര്യമാലംബിച്ചു
സുന്ദരനീവിധം ചോദ്യം തുടങ്ങിനാൻ'

"ആരുനീ, മോഹിനി, വാസന്തചാരിമ
പാരിലുടലാർന്നു വന്നതുമാതിരി?

എങ്ങുനിൻ ഗേഹ, മെവിടെ വസിക്കു വ-
തിങ്ങേവമേകയായ് നിൽക്കുന്നതെന്തു നീ?"

Digitized By Kerala Sahitya Akademi

“മേരുവിലാണെന്റെ മന്ദിരം, ബന്ധുക്ക-
ളാരുമില്ലാതുള്ളൊരപ്സരസ്സാണു ഞാൻ”

“ഹാ, ശുഭേ,നിന്നിൽ ഞാൻ സ്നേഹാർദ്രനാണു,ഞാ-
നാശിച്ചിടുന്നുനിൻ പാണിഗ്രഹോത്സവം;

സമ്മതമെങ്കിൽ—”നവനവശോണിമ
കമ്രാംഗിതൻ കവിൾപ്പൂവിൽ തുളുമ്പവേ

ആശയ്ക്കുമാറ്റമുണ്ടെന്നുള്ള ചിന്തയാൽ
ക്ലേശമകന്നവൻ വീർപ്പുവിട്ടിടിനാൻ

“ഇല്ല വിസമ്മതം, പക്ഷേ—”മൊഴിഞ്ഞിദ-
മല്ലണിവേണി നമിച്ചാൾ നിജാനനം

“പക്ഷേ?—പറയൂ മനോഹരി, ഞാനെന്തു-
മിക്ഷണം ചെയ്യാം, മടിക്കാതെ ചൊൽക നീ!”

“ജീവനാശത്തിൽ പുനർജ്ജീവസാദ്ധ്യത
കേവലംകേളിയായ് തീരുമാറങ്ങുന്നെ

അങ്ങയ്ക്കധീനമാണേക മൃത്യുഞ്ജയ-
മംഗളമന്ത്രം, മതിൻശക്തി സർവ്വവും

ദാനംതരേണമെനി,ക്കെങ്കിലേ തവ-
പ്രാണാധിനാഥയായ് പോരികയുള്ളു ഞാൻ!”

Digitized By Kerala Sahitya Akademi

സുസ്ഥിരമാനസഭാവം ധ്യാനിക്കുന്ന
സുസ്വരത്തിങ്കലിമ്മട്ടവളോതവേ

"ഓമനേ, കണ്ടിതപ്പെട്ടിടായ്കിക്ഷണ-
മാമന്ത്രശക്തി നിനക്കു ഞാനേകുവൻ"

എന്നുചൊന്നാ ദിവ്യമാകും ധ്വനത്തെയ-
പൊന്നുടലാൾക്കവൻ കാഴ്ചവെച്ചിടിനാൻ

ഒററമാത്രയ്ക്കുള്ളിലെങ്ങോ മറഞ്ഞിത-
ക്കററക്കുഴലാൾ!—തമസ്സായി ചുററിലും!

കേൾക്കായിതപ്പോളൊരാകാശവാണിയ-
പ്പൂക്കൾ നിറഞ്ഞവനത്തിൽ നിന്നിവിധം:—

"മാനസാദേവിഞാൻ, നീ മേലിലെങ്കിലും
ധ്യാനിച്ചു പൂജിക്കുകെന്നെയാത്താദരം

ഭക്തനാമെങ്കിൽ നീയെന്നി,ലിക്കൈവിട്ട
ശക്തിനിനക്കു തിരിച്ചുഞാൻ നൽകിടാം"

"ഇജ്ജീവിതത്തിലില്ല"ൽക്കടരോഷേണ
ഗജ്ജനം ചെയ്താൻ സധീരം സദാഗരൻ

൧

പിന്നെയും നാഗങ്ങളെക്കൊണ്ടു പാടലം
വെണ്ണീറടിയിച്ചു, ഹാ, മാനസേശ്വരി!

Digitized By Kerala Sahitya Akademi

ശങ്കരനെന്നൊരു മായാവിയെക്കൊണ്ടു
ശങ്കയേശാതെ തന്നാരാമമണ്ഡലം

ജീവചൈതന്യംകൊടുത്തുദ്ധരിപ്പിച്ചി-
താവിലനാവാതെ വീണ്ടുംസദാഗരൻ

മാനസാദേവി രോഷാന്ധയായ് തന്ത്രത്തിൽ
മായാവിയെച്ചെന്നുനിഗ്രഹിച്ചീടിനാൾ

എന്നിട്ടുവീണ്ടുമുദ്യാനം മുഴുവനും
മുന്നേക്കണക്കു ദഹിപ്പിച്ചൊടുക്കിനാൾ.

കണ്ടില്ല മററൊരുപായം ധനേശ്വര-
നിണ്ടലായ്, ശൂന്യമായ്ത്തോന്നി തൻജീവിതം!

പോരെങ്കിൽ നാഗങ്ങൾ വന്നവനുള്ളതാ-
മാറാത്മജരെക്കടിച്ചുകൊന്നീടിനാർ

ഞെട്ടററനീലോൽപലങ്ങൾപോലേ, മൃതി-
പ്പെട്ടുമുററത്തുകിടക്കും കിടാങ്ങളെ

നോക്കിനോക്കിക്കരൾപൊട്ടി, സ്സദാഗരൻ
മേൽക്കുമേൽ മാറത്തടിച്ചുകരയവേ

കേൾക്കായിവീണ്ടുമൊരാകാശവാണി—"നീ-
യോർക്കുമോ ഞാൻചൊന്നതിപ്പൊഴുതെങ്കിലും?

Digitized By Kerala Sahitya Akademi

മാന്നസാദേവി ഞാൻ, പൂജിക്കകെന്നെ നീ
മാലിനി മേലിലുണ്ടാകില്ലൊരിക്കലും

എത്രവരങ്ങൾ നിനക്കുവേണ്ടെങ്കിലും
ചിത്തമോദേന തരാം നിനക്കിന്നു ഞാൻ!"

"ആവശ്യമില്ലെനി, ക്കെന്തുംവരട്ടെയി-
ജ്ജീവിതത്തിങ്കൽ വണങ്ങില്ല നിന്നെ ഞാൻ!"

"എങ്കിൽനോക്കിക്കോ നിനക്കിനി മേൽക്കുമേൽ
സങ്കടപ്പെട്ടിടാൻ സംഗതിയായിടും"

"ആകട്ടെ"—ലേശംകലുങ്ങാതെയോതിനാ—
നാകുലമാനസനാകിലുമപ്പുമാൻ!

വ്വ

നാളുകളേറെക്കഴിഞ്ഞു—ശോകാത്മക
നാടകമേറെനടന്നു യഥാവിധം.

അന്നൊരുനാളൊരു കപ്പലിൽ, വാരിധി
തന്നിൽ, സദാഗരൻ യാത്രചെയ്യിടവേ

പെട്ടെന്നൊരു കൊടുങ്കാറ്റുയന്നാഞ്ഞല-
ച്ചുഷ്ഠാരകളും വിറപ്പിച്ചു മേൽക്കുമേൽ

പർവ്വതാകാര സമാനമായോളങ്ങൾ
ഗർവ്വിച്ചു വാപിളന്നോടിതെരുതെരെ

Digitized By Kerala Sahitya Akademi

കപ്പലിൻ നേർവഴിച്ചാലുതെററി, സ്വയ-
മബ്ധിമദ്ധ്യത്തിലതങ്ങിങ്ങലകയായ്

ഉന്നതമാമൊരു പാറമേലാഞ്ഞല-
ച്ചൊന്നോടതയ്യോ ചിതറിത്തെറിച്ചുപോയ്!

പൊങ്ങിയിരമ്പിപ്പുളയും തിരകളിൽ
മുങ്ങിത്തുടിച്ചു കുഴഞ്ഞു സദാഗരൻ!

ഉപ്പുവെള്ളംകുടിച്ചല്ലലും ഭീതിയു-
മുൾപ്പുക്കനിന്നിത്തളരുമവനൊടായ്

ചൊന്നാനശരീരി:—"നീയിന്നിയെങ്കിലും-
വന്ദിക്ക സാദരം മാനസാദേവിയെ!"—

"ഇല്ല, മരിക്കുവാൻ സന്നദ്ധനാണു ഞാൻ"
ചൊല്ലിനാൻ ലേശം കലുഷമില്ലാതവൻ!—

അക്കൊടുംകാറെറാട്ടടങ്ങി, മരിക്കാതെ
പുക്കാനൊരു കടൽത്തീരത്തു ചന്ദ്രനും

പ്രാണനപായം ഭവിയ്ക്കാതണഞ്ഞതു
'മാണിക്യശൈലത്തി'ലാണാമഹാരഥൻ

'ചന്ദ്രകേതു'തി പ്രശസ്തനായുള്ളൊരു
മന്നവനാണന്നതിന്നധിനായകൻ

Digitized By Kerala Sahitya Akademi

തന്നെത്തമാത്മ സുഹൃത്താം നരേന്ദ്രനെ-
ച്ചെന്നുകണ്ടെല്ലാം പറഞ്ഞുസദാഗരൻ

എന്തിനും സന്നദ്ധനായ് സ്വയമന്നൃപൻ
സന്തോഷപൂർവ്വം വരിച്ചാനതിഥിയെ.

അല്പലേതാണ്ടൊന്നടങ്ങി, പ്രശാന്തമാ-
യുല്ലസിച്ചാനവൻ രാജധാനിക്കകം.

ചെററുനാളേവം കടന്നുപോയ്—പെട്ടെന്നു
മറെറാരുമാററം ഭവിച്ചിതാകസ്മികം.

മാനസാദേവിതൻ ഭക്തരിലേകനാ-
ണാനരപാലനാവൃത്തം ധരിക്കയാൽ

ആതിത്ഥ്യമെല്ലാമുപേക്ഷിച്ചു പിന്നെയു-
മാദിക്കിലങ്ങിങ്ങലഞ്ഞു വണിഗ്വരൻ.

മാറാപ്പുമാന്റൊരു യാചകനായ്സ്വയ-
മേറെനാളേവം കഴിച്ചിട്ടൊരുദിനം,

ചെന്നാനവനൊരുകർഷക മന്ദിരം
തന്നിൽ,കൃഷിപ്പണിചെയ്തു ജീവിക്കുവാൻ!

സമ്മതം നൽകി കൃഷീവലൻ—രാപകൽ
കർമ്മപ്രസക്തനായ് വാണിതീ വർത്തകൻ

Digitized By Kerala Sahitya Akademi

ഉദ്ധതയാകുമാ മാനസാദേവി തൻ
ക്രിത്രിമക്കൈകൾത്തുടൻ ഹാ പിന്നെയും

ബുദ്ധിക്ഷമാററംഭവിച്ചൂ — സദാഗര-
നിദ്ധ ദുര്യ്യോഗമണഞ്ഞൂ തെരുതെരെ-

കൊയ്യാനയച്ചാൽ, കിളയ്ക്കുവാൻതോന്നിടും
കൊയ്യുവാൻതോന്നും, കിളയ്ക്കാനയയ്ക്കുകിൽ!

ഞാറുനട്ടീടും, വരമ്പുവെട്ടാൻപോകിൽ
ഞാറുനടാനെങ്കിൽ, വെട്ടും വരമ്പുകൾ!

നെല്ലുകുത്തീടി,ലരിയൊക്കയും തീയി-
നള്ളിലിട്ടി,ട്ടുമി വെച്ചുവേവിച്ചിടും!

ത്ലാവിട്ടുതേകുവാൻ കാളയോടോതിടും
ത്ലാവിന്റെ തണ്ടിൽ കലപ്പബന്ധിച്ചിടും!

എന്തി,ന്നൊരു വെറും ഭ്രാന്തനെപ്പോലവ-
നെന്തസംബന്ധവും കാണിക്കുമെപ്പോഴും!

ആകയാൽ തല്ലിയോടിച്ചിതക്കർഷകൻ
ഹാ, കഷ്ട,മന്നാക്കൊട്ടും മന്ദഭാഗ്യനെ!

പിന്നെയും തെണ്ടിയലഞ്ഞുനടന്നിതു
മുന്നോക്കണെക്കൊരു ഭിക്ഷുവെപ്പോലവൻ!!..

Digitized By Kerala Sahitya Akademi

# രണ്ടാം ഭാഗം

## ൧

വിന്ധ്യാചലത്തിലന്നുജ്ജ്വലവാസന്ത-
സന്ധ്യാവിലാസങ്ങൾ നൃത്തമാടി

മൊട്ടിട്ടുമൊട്ടിട്ടു നിൽക്കും മരങ്ങളെ-
ത്തൊട്ടുഴിഞ്ഞെത്തും മരുൽകിശോരൻ

ആ മഞ്ജുകാനനരംഗം മുഴുവനൊ-
രാമോദധാരയിൽ മഗ്നമാക്കി

ആടലശേഷവും തേടിടാതാദരാ-
ലാടിക്കുണുങ്ങി ലതാവലികൾ

പാടിപ്പറന്നു നടന്ന പത്രികൾ
കോടരപാളിയിൽ ചേക്കപൂകി.

സിംഹശാർദ്ദൂലങ്ങൾ കന്ദരമന്ദിര-
സംഹതി വിട്ടു പുറത്തിറങ്ങി.

അഞ്ചിതകാന്തി പൊഴിച്ചു വിൺമേടയിൽ
പഞ്ചമിച്ചന്ദ്രനുദിച്ചുപൊങ്ങി

മിന്നിത്തിളങ്ങിസുരപഥവീഥിയിൽ
കണ്ണഞ്ചും കാഞ്ചന താരകങ്ങൾ.

Digitized By Kerala Sahitya Akademi

വിൺമുട്ട മുത്തുംഗ ശൃംഗരംഗങ്ങളിൽ
വെൺമുകിൽച്ചാർത്തുകൾ വന്നുതിങ്ങി

കമ്പിതപാദപ ച്ചില്ലകളോരോന്നു-
മൻപാർന്ന സമ്മതമേകകയാൽ

സാനന്ദം താഴേയ്ക്കു പോരുവാൻ സാധിച്ചോ-
രേണാങ്കരശ്മികളാകമാനം

അക്കാനനത്തിൻ തമോമണ്ഡലത്തിലൊ-
രത്ഭുതലോകം തുറന്നുകാട്ടി.

ആയിരമായിരം മായികച്ഛായക-
ളായത്തമാക്കിയോരാ വനാന്തം

ഭാവനാതീതമാം ഭാസുരദീപ്തിയും
ഭാവഗാംഭീര്യവും ചേർന്നതായി

അപ്പുത്തവാപിയിൽ നീരാടിക്കൊണ്ടതാ
നിൽപൂ രണ്ടപ്സര കന്യകകൾ.

ജാതാനമോദ വികസിതചിത്തകൾ
ജാതരൂപോജ്ജ്വല വിഗ്രഹകൾ!

നീലക്കാർക്കൂന്തൽ വിതുർത്തുകൊണ്ടങ്ങനെ
ലാലസിച്ചീടുമവർക്കു മുന്നിൽ

Digitized By Kerala Sahitya Akademi

കാണായി മിന്നൽപോൽ പ്രത്യക്ഷയായവതാ
മാനസാദേവി മനോഹരാംഗി.

അപ്സരകന്യകാഹസ്താഗ്രമക്ഷണ-
മബ്ജമുകുള യുഗളമായി!

"സ്വാഗത, മംബികേ, സാദരമിങ്ങേവ-
മാഗതയാകുവാനെന്തു ബന്ധം?

സന്താപമെന്തുതേ, സന്നദ്ധർ ഞങ്ങളി-
ന്നെന്തു ചെയ്യിടാനു, മോതിയാലും"

ആദരപൂർവ്വകമീ മൊഴി കേട്ടുടൻ
മോദേന ദേവി കഥിച്ചിതേവം:—

"മിത്രങ്ങളേ, നിങ്ങളിക്കൂട്ടുകാരിയെ-
സ്സദ്രസമിന്നു തുണച്ചിടേണം.

ചന്ദ്രസദാഗരനെന്നൊരു വർത്തകൻ
സന്താപമെന്നിൽ വളർത്തിടുന്നു.

ഹാ, മേന്മേൽ യത്നിച്ചു നോക്കിയവനെ ഞാൻ
മാമകോപാസകനാക്കി മാററാൻ

ശങ്കരാരാധകനാമവനില്ലൊരു
ശങ്കയുമെന്നെത്തിരസ്ക്കരിക്കാൻ!



Digitized By Kerala Sahitya Akademi

തപ്പപ്രതികാര വാഞ്ഛയാലീവിധം
പിച്ചുപിടിച്ചു നടപ്പു ഞാനും.

എമ്മട്ടിലെങ്കിലും നിങ്ങളിന്നൊത്തുചേർ-
ന്നെന്നെത്തുണയ്ക്കണം തോഴിമാരേ!"

ആവില ഭാവത്തിലീവിധമോതിയ
ദേവിയെ സ്സാന്ത്വനം ചെയ്തശേഷം

അപ്സരകന്യകളോതിനാർ, "ജീവനു-
മർപ്പണം ചെയ്യാമിതിന്നു ഞങ്ങൾ.

കൽപിക്കകംബികേ, ചെയ്യേണ്ടതെന്തെന്തു
സസ്പൃഹം, ഞങ്ങളൊരുങ്ങി നിൽപൂ!"

തെല്ലൊന്നു ചിന്തിച്ചിട്ടുല്ലാസ വായ്പാർന്നു
ചൊല്ലിനാൾ ദേവിയുമിപ്രകാരം:—

"നിങ്ങളിലിന്നൊരാൾ ചെന്നു സ്സദാഗരൻ
തന്നാത്മജനായ് ജനിച്ചിടേണം.

'സാഹ'നെന്നുണ്ടൊരു വർത്തക,നത്യന്ത-
സ്നേഹിതനായവനപ്പുരിയിൽ.

ആ വിത്തനാഥൻെറ പുത്രിയായ് തീരുവാൻ
പോവണം നിങ്ങളിൽ മറെറാരുത്തി.

Digitized By Kerala Sahitya Akademi

കാലമായിടുമ്പോൾ കൂട്ടിയിണക്കുവാൻ
ചേലിൽ ഞാൻ നിങ്ങളിരുവരേയും!

എന്നിട്ടതിങ്കൽ നിന്നുഗ്രവിപത്തുക-
ളൊന്നിനൊന്നായവനേകിടാം ഞാൻ

ഇണ്ടലിൻ കണ്ടകച്ചാർത്തില ജ്ജീവിതം
വിണ്ടുവിണ്ടങ്ങനെ ചോര വാർക്കും

അക്കാഴ്ചയങ്ങനെ നോക്കി നോക്കി സ്വയ-
മുൾക്കുളിരാർന്നു ഞാനുല്ലസിക്കും

അമ്മട്ടിലാകുമ്പോളൂക്കൊട്ടും കശ്മലൻ
ചെമ്മേവന്നെൻ കാൽ പിടിച്ചുകൊള്ളും!

നിശ്ചയമാണതു, നിങ്ങളിന്നാകയാൽ
സദ്രസം പോവിനെൻ തോഴിമാരേ!!"

മുന്നിൽക്കൈ കൂപ്പിസ്സമുല്ലസിച്ചീടുമാ-
ക്കന്യകാ യുഗ്മത്തിൻ മൗലികളിൽ

പുഷ്പങ്ങൾ വർഷിച്ചനുഗ്രഹിച്ചങ്ങവർ-
ക്കുൾപ്രീതിചേർത്തവൾ യാത്രയാക്കി!!

* * *

Digitized By Kerala Sahitya Akademi

൩

പോയിക്കഴിഞ്ഞിതിരുപത്തു വർഷങ്ങൾ
മായാസമുദ്രത്തിൻ ബുൽബുദങ്ങൾ

സന്താപലേശവുമേൽക്കാതെ മേൽക്കുമേൽ
ചന്ദ്രസദാഗരനുല്ലസിപ്പൂ!

ഇന്നവനുണ്ടൊരു നന്ദനനത്യന്ത
സുന്ദരൻ ലക്ഷ്മീന്ദ്രനാമധേയൻ.

വീരൻ, വിപുല പ്രതാപവാ, നാഹവ-
ശ്ശൂരൻ, സകല കലാനിപുണൻ!

ഓമൽ തനയനനുയോജ്യയാമൊരു
കോമളാപാംഗിയെ നോക്കി നോക്കി

അന്നവ,നെങ്ങുമേ കാണാ,തവസാനം
വന്നിതു സാഹന്റെ മന്ദിരത്തിൽ!

അത്ഭുത,മെന്തുതാൻ കാൺമതു മുന്നിലൊ-
രപ്സരകന്യകയല്ലയല്ലീ?

എന്തിതെന്തുർവ്വശി, നീ തനിച്ചീവിധ-
മെന്തിനീ മന്നിലേയ്ക്കാഗമിച്ചൂ?

Digitized By Kerala Sahitya Akademi

ഹന്ത, നിൻ നന്ദനാരാമത്തെക്കൈവെടി-
ഞ്ഞെന്തിങ്ങു പോന്നാതെൻ മേനകേ നീ?

കഷ്ടം തിലോത്തമേ, വിണ്ണിലശേഷവു-
മിഷ്ടമില്ലേ നിനക്കുല്ലസിക്കാൻ?

വാനവർ നായക നാടകശാലയിൽ
കാണികളില്ലാതായ് തീർന്നോ രംഭേ?

നിങ്ങളിൽ, നിങ്ങളിലാരാണീ മോഹിനി
നിഹ്നുത ജ്യോതിർ നിചോളമേനി?'

വിശ്വസിച്ചീടുവാനായിലവനു തൻ
വിഹ്വലനേത്ര യുഗത്തെയൊട്ടും!

ആരാണാമോഹിനി?—സാഹന്റെ നന്ദിനി!
പാരിലുള്ളേക സൗന്ദര്യറാണി!!

൪

തമ്മിൽപറഞ്ഞു പരിണയനിശ്ചയം
ചെമ്മേ നടത്തിയ സ്നേഹിതന്മാർ!

കന്യാമണിയാം 'ബകുള'യെ വേൾക്കുവാൻ
ധന്യനാം ലക്ഷ്മീന്ദ്രൻ സമ്മതിച്ചു.

എല്ലാമൊരുങ്ങിക്കഴിഞ്ഞതുപാറിവിധം
ചൊല്ലിനാരുത്തമ ജ്യൗതിഷികർ:—.

Digitized By Kerala Sahitya Akademi

"ശ്രീലപരിണയശേഷം,മാ രാത്രിയിൽ
കാളസർപ്പത്തിന്റെ ദംശനത്താൽ

മൃത്യുവശഗനായ് തീർന്നിടും ലക്ഷ്മീന്ദ്ര—
നേത്രമേലാരൊക്കെ നോക്കിയാലും"

ആകുലചിത്തനായ് തീർന്നു സദാഗരൻ
ഹാ കഷ്ടമിവ്വൃത്തം കേട്ടമൂലം!

ഓമൽപ്രണയിനി കാണിക്കും നിർബ്ബന്ധ-
സീമയെപ്പാടേകവച്ചു വെയ്ക്കാൻ

ആകാതൊടുവിൽ പരിണയസമ്മത-
മേകിനാനപ്പുമാനാത്തതാപം.

൭

കാരിരുമ്പിന്റെ കനത്തതകിടുക-
ളോരോന്നുമിതയ്ക്കു മീതെയായി.

മന്നിച്ചുടുക്കി വിളക്കി വിടവൽപം
വന്നിടാതാലയ മൊന്നു തീർക്കാൻ

ശിൽപിപ്രവരരിലഗ്രിമരനേകരെ-
ക്കൽപിച്ചുനിർത്തി സദാഗരനും

ഒറ്റത്തലമുടിനാരു കടക്കാനും
പററാത്ത ദുർഗ്ഗമൊന്നാരചിക്കിൽ

Digitized By Kerala Sahitya Akademi

എമ്മട്ടതിനകത്തെത്തിട്ടം സർപ്പങ്ങ-
ളെന്ന ചിന്തിച്ചവനാശ്വസിച്ചു.

എന്നല്ല ക്കോട്ടതൻ ചുററും വരിവരി
നിന്നിതങ്ങൂരിയ വാളുമായി.

രാവുംപകലുമിടവിടാതങ്ങനെ
കാവലായായിരം കിങ്കരന്മാർ.

ചുററുമുള്ളാരാമ വീഥിയിലൊട്ടുക്ക-
വിട്ടാരനേകം മയിലുകളെ!

പോരെങ്കിലാജന്മ സർപ്പശത്രുക്കളാം
കിരികളേയുമഴിച്ചുവിട്ടു.

കിങ്കരന്മാർ സദാ വെള്ളുള്ളിച്ചാറെട്ട-
ത്തങ്കണത്തിങ്കൽ തളിച്ചുനിള്ളേ!

സർപ്പവിഷത്തെത്തടുത്തു നിർത്തീടുവാൻ
കെൽപുള്ളൊരായിര മൌഷധങ്ങൾ.

ആയസ ദുർഗ്ഗമതിങ്കലാ വർത്തക-
നാമയംക്രൂടാതെ സംഭരിച്ചു.

ഈവക യത്നങ്ങൾകണ്ടിട്ടു മാനസാ-
ദേവിയ്ക്കു ചുണ്ടിൽ ചിരിപൊടിച്ചു

Digitized By Kerala Sahitya Akademi

# മൂന്നാം ഭാഗം

൧

പലനാളായാശിച്ചൊട്ടുവിലന്നാ-
പ്പരിണയരംഗവും വന്നുചേർന്നു.

കുതുകംപൊടിച്ചു മനസ്സുമായി-
പ്പുതുമണവാളനണിഞ്ഞൊരുങ്ങി!

സഹചരന്മാരാം സുഹൃജ്ജനങ്ങൾ
സകലസൗഭാഗ്യവും നേർന്നുമേന്മേൽ!

പ്രകൃതിയിലൊട്ടുക്കൊരുന്മദത്തിൻ
പ്രകടപ്രകാശം വഴിഞ്ഞുലാവി.

തനയന്റെ വൈവാഹികോത്സവത്തിൽ
ജനകന്റെ ചിത്തം നിറഞ്ഞൊഴുകി

തനയന്റെ കല്യാണകൗതുകത്തിൽ
ജനനിതൻ മാനസം നൃത്തമാടി!

പുളകാങ്കുരങ്ങൾ തൻ പൂർണ്ണിമയിൽ
പുതുമണവാട്ടിയണിഞ്ഞൊരുങ്ങി.

Digitized By Kerala Sahitya Akademi

സരസകരം, സല്ലാപലോലുപകരം
സഖികരം, സൗഭാഗ്യങ്ങരം നേൎന്നമേന്മേൽ!

ഭുവനത്തിലൊട്ടുക്കൊരുത്സവത്തിൻ
സവിലാസസ്മേരം തളിൎത്തുമിന്നി

തനയതൻ വൈവാഹികോത്സവത്തിൽ
ജനകൻെറ ചിത്തം നിറഞ്ഞൊഴുകി.

തനയതൻ കല്യാണകൗതുകത്തിൽ
ജനനിതൻ മാനസം നൃത്തമാടി.

സുരലോകംവിട്ടു പറന്നണയും
സുരഭിലസ്വപ്നങ്ങരം മാറിമാറി

വരനും വധുവിനും ഭാവനയിൽ
വളർമഴവില്ലുകരം കോർത്തിണക്കി!

അവയെത്തഴുകിയ ചേതനക-
ളൻപമനിർവൃതി സംഭരിക്കെ

അവരതാകല്യാണ മണ്ഡപത്തി-
ലപഹൃതചിത്തരായുല്ലസിപ്പു!

കവിയുടെ കൽപന വൈഭവത്തെ-
ക്കവനപ്രചോദന മെന്നപോലെ

Digitized By Kerala Sahitya Akademi

കമനീയകാന്തികൾ ചേർന്നിണങ്ങി-
ക്കരപ്പടം കോർത്തവരുല്ലസിപ്പൂ!

ഒരുമാത്ര മാത്രമാണെങ്കിലെന്ത-
പ്പരമ മുഹൂർത്തത്തിൻ കാൽച്ചുവട്ടിൽ

കവിതയിൽമുങ്ങി ക്കുളിർത്തുപൊങ്ങി-
ക്കതിരിട്ടുനിൽപതെന്താത്മഹർഷം!!

൨

മധുരസങ്കൽപങ്ങൾ പൂത്തുനിൽക്കും
മധുവിധുരാത്രിയും വന്നുചേൎന്നു.

മദനോപമാംഗൻ മനോജ്ഞശീലൻ
മലരണിമെത്തയിൽ വിശ്രമിപ്പൂ

അരികത്തുനാണം കുണുങ്ങിയോമ-
ലവനതമൌലിയായുല്ലസിപ്പൂ.

* * *

ഒരുഞൊടിക്കുള്ളിൽ സുഷുപ്തിമൂലം
തരുണന്റെ കൺകളടഞ്ഞുപോയി

കുളുകമാർന്നോരോന്നു സല്ലപിക്കാൻ
മുതിരുമ്പോഴേ, യ്ക്കോമിഴിയിണയിൽ

Digitized By Kerala Sahitya Akademi

അവിചാരിതമായരഞ്ഞൊടികൊ-
ണ്ടെവിടന്നോ സുപ്തിപറന്നണഞ്ഞു.

* * *

മുറിയിൽ, നടുവിൽ, നിലവിളക്കിൽ
നറുനെയ്യിൽ കത്തുന്ന കൈത്തിരികൾ

കതിർപാകം മഞ്ചത്തിൽ, തന്നരികിൽ
കമിതാവുറങ്ങിക്കിടപ്പു മുന്നിൽ!

അകളങ്കസ്നേഹമാർന്നപ്പദങ്ങൾ
ബകുളയെടുത്തു മടിയിൽവെച്ചു!

അവളതിലാനന്ദലോലുപയാ-
യരുണാധരങ്ങളാലുമ്മവെച്ചു.

തലയൊന്നുയർത്തവേ, തയ്യലാളിൻ
തനുവല്ലി പാടേ വിറച്ചുപോയി!

ഒരു ഘോരസർപ്പം, ചുമരിറങ്ങി,
വരികയാണയ്യോ ഫണം വിടർത്തി

അവൾ പിടഞ്ഞേററു, തൻ പ്രാണനാഥ-
നരുളുവാനായ് വെച്ചിരുന്ന പാലിൽ

കുറെയൊരു പൊൻതാലത്തിങ്കൽ വീഴ്ത്തി
വീരവൊടസ്സർപ്പത്തെ സ്സൽക്കരിച്ചു.

Digitized By Kerala Sahitya Akademi

നറുപാൽ കുടിച്ചു ഫണിപ്രവരൻ
മരുവുന്നൊരാനല്ല ലാക്കുമനോക്കി.

ഒരു കുടുക്കുണ്ടാക്കി തൽഗളത്തിൽ
ത്വരിതമതിട്ടു വരിഞ്ഞുകെട്ടി.

ഇഴയുവാനാകാത്ത മാതിരിയി-
ലഴിയാതെ കട്ടിലിൻ കാലിൽകെട്ടി!

ഒരുമാത്രനേരം കഴിഞ്ഞനേരം
വരവായി പിന്നെയും മറ്റൊരുത്തൻ

അതിനേയുമാവിധം ബന്ധനം ചെ-
യ്തളവിൽ മൂന്നാമനപരനെത്തി!

അവനെയും വിട്ടില്ലതയ്യലേവ-
മവനെയും ബന്ധിച്ചടക്കിനിർത്തി

അതുനേരം പെട്ടെന്നു നിദ്രവന്നി-
ട്ടവളുമാമഞ്ചത്തിൽ വീണുറങ്ങി!

സകലതും ഭദ്രം—പ്രശാന്തം—അയ്യോ!
സതി, നിൻെറ ജീവിതം ശൂന്യമായി

അതിഘോരനാമൊരു കാളസർപ്പം
പ്രതിവിധിയില്ലിനി—ശ്ശാന്തം പാപം!

Digitized By Kerala Sahitya Akademi

# നാലാം ഭാഗം

൧

പിറേറന്നു രാവിലാമന്ദിരത്തി-
ലൊട്ടുക്കു കേൾക്കായ് നിലവിളികൾ!

അപ്പത്തനത്തിനകത്തശേഷം
സർപ്പം കടക്കുവാനില്ല മാർഗ്ഗം

അത്തയ്യലാളിൻ കഠോരമാകും
ക്ഷുദ്രപ്രയോഗത്തിലായിരിക്കാം

അത്യന്തദാരുണമാം വിധത്തിൽ
മൃത്യുവണഞ്ഞതാ മോഹനാംഗൻ

ചുററും നിറഞ്ഞബന്ധുക്കളേവം
കുററപ്പെടുത്തി യാബാലികയെ-

വേഗമെണീററവെളായവരെ
നാഗത്രയത്തെ വിളിച്ചുകാട്ടി

അക്കാഴ്ച കാൺകെ നടുക്കമാർന്നൊ-
രക്കാമ്പിലെല്ലാർക്കും ബോദ്ധ്യമായി.

Digitized By Kerala Sahitya Akademi

൨

സർപ്പദംശത്താൽ മരിച്ചവരെ-
സ്സംസ്കരിക്കില്ലപ്പുരിയിലാരും!

ചങ്ങാടമൊന്നിൽ വെച്ചാഴിയിങ്ക-
ലെങ്ങാനൊഴുക്കുകയാണു ചട്ടം.

വല്ലകാലത്തും വിദഗ്ദ്ധനാകും
വല്ല ഭിഷഗ്വരൻ കണ്ടുമുട്ടാം

തന്മന്ത്രശക്തിയാലജ്ജഡത്തിൽ
പിന്നെയും ജീവൻ കിളിർത്തുപൊങ്ങാം.

ഇമ്മട്ടിലുള്ള വിശ്വാസമേക-
മന്നജ്ജനതയിൽ കണ്ടിരുന്നു.

൩

ആഴിപ്പരപ്പിലൊഴുക്കുവാനാ-
യാമൃത വിഗ്രഹമാനയിക്കെ

തത്സമീപത്തായ് ബകുളയും ചെ-
ന്നുത്സുകയായിട്ടിരിക്കയായി.

വിട്ടുമാറില്ല താൻ വല്ലഭനെ-
ത്തിട്ടമായിട്ടവൾ തീർപ്പുചൊല്ലി!

Digitized By Kerala Sahitya Akademi

താതമാതാക്കളും ബന്ധുക്കളും
ജാതതാപം കേണിരക്കകിലും

ചങ്ങാടം കൈവിട്ടിറങ്ങുവാനാ-
മംഗളാപാംഗി മുതിർന്നതില്ല.

ഏറ്റവുമലയാഴിതന്നകത്ത-
യ്ക്കാവധൂരത്നമൊലിച്ചുപോയി!

തുംഗതരംഗങ്ങളാർത്തുപൊങ്ങി-
ച്ചങ്ങാടമമ്മാനമാട്ടിയാട്ടി

മുന്നോട്ടു മുന്നോട്ടുപോകവേ—ഹാ
കണ്ണീരിൽമുങ്ങി കരയുകനിൽപോർ!

ചന്ദ്രസദാഗർൻ ഭ്രാന്തനേപ്പോൽ
ക്രന്ദനം ചെയ്കയായ് ദിനദിനം

സാഹന്റെ മാനസം വെന്തുരുകി
ഗേഹത്തിലൊട്ടുക്കിരുട്ടുമൂടി

ർ

ദിനമോരോന്നേവം കടന്നുപോയി
കനകാംഗിമേന്മേലവശയായി!

പ്രിയതമ നിർജ്ജീവഗാത്രമെന്നാൽ
സായമഴകിലൊരു ചെറുപോലും

Digitized By Kerala Sahitya Akademi

അത്തലേശം ചിയാതിരിക്കുവാനാ-
യലിവാർന്നു മാനസാദേവിനോക്കി.

അവളുടെ നിസ്തുലാനുഗ്രഹത്താ-
ലതു മുന്നേപ്പോലെ തെളിഞ്ഞുമിന്നി

മിഴിയടയ്ക്കാതശ്ശവശരീരം
തഴുകിക്കൊണ്ടേമാമൽ കരഞ്ഞുവാഴും

പലപോഴും കാണാമവൾക്കുമുന്നിൽ
പലവിധസ്വപ്നങ്ങൾ, ഭീതിദങ്ങൾ

അതിനിടയ്ക്കാകാശ ദേവതക-
ളരികിൽപറന്നു വരുന്നതായും

അതുലപ്രോത്സാഹനം കൊണ്ടവളി-
ലതിരെഴാത്താമോദം ചേർപ്പതായും

പല പല പൊന്നിൻ കിനാവുകളും
പരിചോടവൾക്കു ലഭിച്ചിരുന്നു

കമനന്റെ ജീവൻ തിരിച്ചുകിട്ടാൻ
കരളുഴിഞ്ഞർത്ഥിച്ച കബ്രവേണി!!

ഒരുവത്സരം കഴിഞ്ഞന്നൊരിക്കൽ
കരപററിച്ചങ്ങാടം തങ്ങിനിന്നു.

Digitized By Kerala Sahitya Akademi

അവിടെത്തരംഗിണിയൊന്നാണാത്തി-
ട്ടലയാഴിയോടൊത്തു ചേൎന്നിരുന്നു.

പുഴവക്കിൽ വസ്ത്രം നനച്ചുകൊണ്ടോ-
രഴകേലുമംഗന നിന്നിരുന്നു.

അവൾതൻ മുഖത്തിങ്കൽനിന്നുചുററു-
മനുപമരശ്മികൾ വാൎന്നിരുന്നു.

അനവദ്യതേജസ്സിൽ മുങ്ങിനിൽക്കു-
മവളൊരു ദേവതയായിരുന്നു.

അവളുടെ ചാരത്തു ബാലനേക-
നനുപമസുന്ദരൻ നിന്നിരുന്നു

അവനാ നനച്ചിട്ട വസ്ത്രമെല്ലാ-
മടവിലെടുത്തു വലിച്ചെറിഞ്ഞു.

അതുകണ്ടുകോപിച്ചുത്തന്വിവന്നി-
ട്ടവനെപ്പിടിച്ചു ഞെരിച്ചുകൊന്നു

വെയിലേററ താമരപ്പൂവുപോലെ-
വിളറി മരവിച്ചൊരജ്ഞഡത്തെ

പുഴവക്കിലിട്ടിട്ടു തന്വിവീണ്ടും
പഴയപോൽ ജോലി തുടരുകയായ്.



Digitized By Kerala Sahitya Akademi

അരുണൻ മറഞ്ഞു,തൻ ജോലിയെല്ലാം-
മവസാനിച്ചപ്പോളക്കോമളാംഗി

പരിചിൽ കറച്ചു ജലമെടുത്താ-
ച്ചെറുപൈതലിൻെറ മുഖത്തുവീഴ്ത്തി!

ഉടനെവൻ നിദ്ര വിട്ടേററിട്ടംപോൽ
വടിവിൽ ചിരിച്ചുകൊണ്ടേററു വീണ്ടും.

ഇതുകണ്ടുവേഗം ബകുളചെന്ന-
സ്സുതനുവിൻ പാദത്തിൽ വീണുകേണു

മൃതനായ നാഥന്നു ജീവനേകാ-
നതിദിനമർത്ഥിച്ചു പേർത്തും പേർത്തും

അഖിലാത്തമോദം ബകുളയേക്കൊ-
ണ്ടമരലോകത്തേയ്ക്കു യാത്രയായി!

ഉന്നിദ്രമോദം ബകുളയവളൊത്തു
കിന്നരലോകത്തിൽ ചെന്നുചേന്നു.

ചിത്തസംതൃപ്തരായ് ദേവകളോമലിൻ
നിസ്തുല നർത്തനനൈപുണിയിൽ.

മൃത്യുവശഗനാം നാഥൻെറ ജീവിതം
പ്രത്യുദ്ധരിക്കുമെന്നാശമൂലം

Digitized By Kerala Sahitya Akademi

തുള്ളിത്തുളുമ്പിയവളുടെ മാനസം
വെള്ളാമ്പൽ വെണ്ണിലാവേററപോലെ!

കാണായി പെട്ടെന്നക്കിന്നരസംഘത്തിൽ
കാലുഷ്യമാർന്നെഴും മാനസയെ

"സമ്മതിക്കില്ല ഞാൻ, സമ്മതിക്കില്ല ഞാൻ
സംശയിക്കേണ്ടിതിൽ ദേവകളേ!

പാരാതെ ചന്ദ്രസദാഗരൻ മന്നിലെ-
ന്നാരാധകനായിത്തീരുവോളം

ഇമ്മർത്ത്യജീവിതം പ്രത്യുധരിക്കുവാൻ
സമ്മതിക്കില്ല ഞാൻ ദേവകളേ!"

ഇവ്വിധം മാനസാദേവിതൻ വാക്കുക-
ളാവിർഭവിച്ചപ്പോളാത്തയായി

ഓതിബകുളയും ധീരസ്വരത്തിങ്ക-
ലേതും കലുങ്ങിടാതിപ്രകാരം:—

"കൈയേററിട്ടുന്ന ഞാനക്കാര്യ്മംബികേ
ചെയ്യരുതൊന്നു മനത്ഥമെന്നിൽ!

ചന്ദ്രസദാഗരൻ താവകസേവകൻ
മന്ദിരത്തിങ്കൽ ഞാൻ ചെന്നുചേർന്നാൽ!

Digitized By Kerala Sahitya Akademi

എൻപ്രാണനാഥനെ ജീവനേകിട്ടുകെ-
നാംബികേ, നിൻപാദം കൂപ്പുന്നു ഞാൻ!

താവകകാരുണ്യമില്ലാതെയെങ്ങിനെ
ജീവികളാം ഞങ്ങൾ വാഴുംമന്നിൽ?

ദേവിയ്ക്കുവേണ്ടപോലെന്തും ഞാൻ ചെയ്തിടാം
ജീവിപ്പിച്ചീടുകെൻ വല്ലഭനെ!

"എങ്കില്ല, ചങ്ങാടത്തിങ്കൽ നീ ചെന്നാലും
നിൻ കാന്തൻ നിന്നെയും കാത്തിരിപ്പൂ!"

ആനന്ദലോലയായാമോഹനാംഗിയു-
മാനതമൗലിയായ് കൈകൂപ്പി!!

* * * *

ദമ്പതിമാരവർ വീണ്ടുമണഞ്ഞപ്പോൾ
സംപ്രീതരായി ച്ചമഞ്ഞിതാശും!

സുന്ദരിയാകും ബകുളതന്നാഥന
ചന്ദ്രസദാഗരൻ സ്വീകരിച്ചു!

മാനസാദേവിതൻ സേവകനായവ-
നാനന്ദമുൾച്ചേർന്നുലാലസിച്ചു!

Digitized By Kerala Sahitya Akademi

മാനവരത്നമവനേവം ചെയ്കയാൽ
മാനസാദേവിയനുഗ്രഹിച്ചു!

പൊയ്പോയ സമ്പത്തഖിലവും കൈവന്നു
കഷ്ടകാലങ്ങൾ പറന്നകന്നു.

ലക്ഷ്മീന്ദ്രനാത്മാധി നാഥയോടൊന്നിച്ചു
സ്വർഗ്ഗാനുഭൂതികളാസ്വദിച്ചു!

അക്കാഴ്ച കണ്ടുകണ്ടാനന്ദദീപ്തിയൊ-
ന്നഷ്ടാശകളിലും സംക്രമിച്ചു!।

---

Printed at the Sree Rama Vilas Press, Trivandrum.

Digitized By Kerala Sahitya Akademi